## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3614** **11.12.2018-ൽ മറുപടിയ്ക്ക്**

### എം.എൽ.എ. പ്രത്യേക വികസന നിധി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ബി.ഡി. ദേവസ്സി** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) |
| എ | ഗവൺമെന്റ് സ്കൂളുകളിലെ കുട്ടികൾക്ക് യാത്രസൗകര്യത്തിനായി എം.എൽ.എ. എസ്.ഡി.എഫ് ൽ നിന്നും നൽകിയ സ്കൂൾ ബസ്സിന്റെ ഇന്ധനച്ചെലവ് മുൻവർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകിയിരുന്നതുപോലെ തുടർന്നും നൽകുന്നതിനുള്ള അനുമതി ലഭിയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ & ബി | ഉണ്ട്. MLASDF/MPLAD മുഖേനയും മറ്റുരീതിയിലും ആർജ്ജിച്ചിട്ടുള്ള ബസ്സുകളുടെ ഡ്രൈവറുടെ ശമ്പളം, ഇന്ധനചെലവ്, മറ്റ് ആവർത്തന ചെലവ് എന്നിവയിൽ തദ്ദേശസ്വയംഭരണ സ്ഥാപനം തുക ചെലവഴിക്കാൻ പാടില്ലയെന്ന് 14.02.2018-ലെ സ.ഉ.(കൈ) നം.22/2018/തസ്വഭവ, 29.01.2018-ലെ സ.ഉ.(കൈ) നം.11/2018/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി | സ്കൂൾ കുട്ടികൾക്ക് യാത്രാ സൗകര്യം ഒരുക്കി എം.എൽ.എ ഫണ്ടിൽ നിന്നും അനുവദിച്ച സ്കൂൾ വാഹനങ്ങളുടെ ഇന്ധനച്ചെലവടക്കമുള്ളവ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ